പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**ഇന്ദിരാ ആവാസ് യോജന**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3013 — 23.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് ഇപ്പോൾ നൽകിവരുന്ന ധനസഹായവും പരിധിയും എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) | ഇന്ദിരാ ആവാസ് യോജനക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000/- രൂപയാണ്. ഇതിന്റെ 75% കേന്ദ്രവിഹിതവും, 25% സംസ്ഥാന വിഹിതവുമാണ്. എന്നാൽ കേരളത്തിൽ എസ്.സി/ജനറൽ വിഭാഗങ്ങൾക്ക് 2 ലക്ഷവും, എസ്.റ്റി. വിഭാഗത്തിന് 2.5 ലക്ഷവുമാക്കി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട് |
| (ബി) | വീടിന്റെ ചുറ്റളവും ധനസഹായ പരിധിയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ? | (ബി) | കേന്ദ്ര മാനദണ്ഡപ്രകാരം ഐ.എ.വൈ വീടുകൾക്കുള്ള കുറഞ്ഞ തറ വിസ്തീർണ്ണം 20 ച.മീ. ആണ്. സംസ്ഥാന സർക്കാരിന്റെ 06-02-2013 -ലെ സ.ഉ.(സാധാ) നം. 333/13/തസ്വഭവ ഉത്തരവിലൂടെ പരമാവധി തറ വിസ്തീർണ്ണം 66 ച.മീ. ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട് കൂടാതെ 2013-14 വരെ എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തീകരിച്ച, തറ വിസ്തീർണ്ണം 66 ച.മീ. ൽ നിന്നും 25% അധികരിച്ച കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ.(സാധാ) നം. 3186/14/തസ്വഭവ, തീയതി. 3.12.2014) |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് :– ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് നിഷ്ക്കർഷിച്ചിട്ടുള്ള തറ വിസ്തീർണ്ണം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.333/2013/തസ്വഭവ തിരുവനന്തപുരം, തീയതി, 6.02.2013

---

പരാമർശം:– 1. 28.5.2012 ലെ 41234/DD1/11/തസ്വഭ നം.സർക്കുലർ
2. സ.ഉ.(കൈ) നം.2/12/തസ്വഭവ തീയതി 2.1.12
3. സ.ഉ.(കൈ) നം.68/12/തസ്വഭവ തീയതി 16.3.2012

**ഉത്തരവ്.**

ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തീർണ്ണം പരമാവധി 40 ചതുരശ്രമീറ്ററായിരിക്കണം എന്ന് നിഷ്ക്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ തറവിസ്തീർണ്ണം കൂടി ഗുണഭോക്താവുമായുള്ള കരാറിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം പരാമർശം, പ്രകാരം പുറപ്പെടുവിച്ചിരുന്നു.

ഇന്ദിരാ ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് ജനറൽ/എസ്.സി വിഭാഗത്തിനും പട്ടികവർഗ്ഗ വിഭാഗത്തിനും യഥാക്രമം 2 ലക്ഷം,2.50 ലക്ഷം രൂപയായി പരാമർശം-2,3 പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഇന്ദിരാ ആവാസ്യോജന പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് നിഷ്ക്കർഷിച്ചിട്ടുള്ള തറ വിസ്തീർണ്ണം 4 ച.മീറ്ററിൽ നിന്നും 46 ചതുരശ്രമീറ്ററായി വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജി. ശിവപ്രസാദ്,
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഐ.കെ.എം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

s/d

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിര ആവാസ് യോജന - തറവിസ്തീർണ്ണം പരമാവധി 66 $m^2$ ൽ നിന്നും 25% വരെ അധികരിക്കുന്നത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(സാധാ.)നം.3186/14/തസ്വഭവ** **തിരുവനന്തപുരം, തീയതി, 03.12.2014**

---

പരാമർശം: സ.ഉ.(സാധാ.)നം.333/13/തസ്വഭവ. തീയതി 06.02.2013.

**<u>ഉത്തരവ്</u>**

ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള തറ വിസ്തീർണ്ണം പരാമർശം (1) പ്രകാരം 66 ച.മീ. ആയി വർദ്ധിപ്പിച്ചിരുന്നു. കേന്ദ്ര മാനദണ്ഡ പ്രകാരം ഓരോ വീടിനും 20 ചതുരശ്ര മീറ്ററാണ് കുറഞ്ഞ തറ വിസ്തീർണ്ണം നിഷ്കർഷിച്ചിട്ടുള്ളത്. ഐ.എ.വൈ. വീടുകൾക്ക് കേന്ദ്രസർക്കാർ 70,000/- രൂപ നിരക്കിലാണ് ധനസഹായം നൽകുന്നത്. പട്ടികജാതി/ജനറൽ വിഭാഗം, പട്ടികവർഗ്ഗം എന്നീ കുടുംബങ്ങൾക്ക് യഥാക്രമം 2 ലക്ഷം, 2.50 ലക്ഷം എന്ന നിരക്കിലാണ് സംസ്ഥാനത്ത് ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് തുക നൽകുന്നത്. തറ വിസ്തീർണ്ണം 66 ച.മീറ്ററിലും അധികരിച്ചു എന്ന കാരണത്താൽ പല ഗുണഭോക്താക്കൾക്കും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പണം ലഭിക്കാത്ത അവസ്ഥയാണുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2013-14 വർഷം വരെ എഗ്രിമെന്റുവച്ച് വീട് പണി പൂർത്തീകരിച്ചതും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഐ.എ.വൈ. ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽ നിന്നും 25% അധികരിക്കാമെന്ന നിബന്ധനക്കുവിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ച് നൽകുവാൻ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.രാജൻ ഖോബ്രാഗഡെ ഐ.എ.എസ്
സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന).
4. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ഗ്രാമവികസനവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി എയ്ക്ക്